റിപ്പോർട്ട് ●

കെ. സജീദ്

## ദേശീയപാത പ്രക്ഷോഭം

# സമരവഴികളിൽ ആവേശമായി സോളിഡാരിറ്റി പ്രക്ഷോഭയാത്രകൾ

**കോഴിക്കോട്:** 'ദേശീയ പാത വികസിപ്പിക്കുക വിൽക്കരുത്' എന്ന മുദ്രാവാക്യമുയർത്തി സോളിഡാരിറ്റി സംസ്ഥാന നേതാക്കൾ നയിച്ച പ്രക്ഷോഭയാത്രകൾ സമരസംഘങ്ങൾക്ക് കരുത്തും ആത്മവിശ്വാസവും പകർന്നു. സംസ്ഥാന പ്രസിഡന്റ് പി. മുജീബുർറഹ്മാൻ നയിച്ച കാസർകോഡ് നിന്നാരംഭിച്ച യാത്രയും സംസ്ഥാന വൈസ് പ്രസിഡന്റ് കെ.എ ഷഫീഖ് നയിച്ച തിരുവനന്തപുരത്ത് നിന്നാരംഭിച്ച യാത്രയും ചാവക്കാട്ടാണ് സംഗമിച്ചത്. ദേശീയപാത 30 മീറ്ററിൽ നാലുവരിപ്പാതയാക്കുക, ബി.ഒ.ടി പാത ഉപേക്ഷിക്കുക, വികസനത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് നീതിപൂർവം പുനരധിവാസം ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് പ്രക്ഷോഭയാത്രകൾ സംഘടിപ്പിച്ചത്.

ഫെബ്രുവരി 28 വൈകിട്ട് മഞ്ചേശ്വരത്തെ കുഞ്ചത്തൂരിൽ വൻ പൊതുസമ്മേളനത്തിൽ ജമാഅത്തെ ഇസ്‌ലാമി കാസർകോഡ് ജില്ലാ സെക്രട്ടറി മുഹമ്മദ് കുഞ്ഞി ഫ്ളാഗ് ഓഫ് ചെയ്താണ് ഉത്തരമേഖലാ ജാഥ പര്യടനം ആരംഭിച്ചത്. മാർച്ച് 1ന് കാസർകോഡ് ജില്ലയിലെ ഉപ്പള, കുമ്പള, ചട്ടഞ്ചാൽ, കാഞ്ഞങ്ങാട്, ചെറുവത്തൂർ, പടന്ന എന്നിവിടങ്ങളിലൂടെ പര്യടനം നടത്തി. മാർച്ച് 2ന് കണ്ണൂർ ജില്ലയിലാണ് പ്രക്ഷോഭയാത്ര പര്യടനം നടത്തിയത്. ഹർത്താൽ ദിനമായിരുന്നെങ്കിലും വലിയൊരു ജനസഞ്ചയം

## 'ചിവിട്ടിത്താഴ്ത്തു'മായി കലാസംഘം


ചവിട്ടിത്താഴ്ത്തും മുമ്പ് എന്ന തെരുവ് നാടകത്തിൽ നിന്ന്

സോളിഡാരിറ്റി പ്രക്ഷോഭ ജാഥയുടെ ഭാഗമായി അവതരിപ്പിച്ച നാടകം ചവിട്ടിത്താഴ്ത്തും മുമ്പ് പ്രേക്ഷകർക്ക് വരാനിരിക്കുന്ന ദുരന്തത്തിന്റെ നേർചിത്രം നൽകുന്നതായി. ഭൂപരിഷ്കരണത്തിന് പോരാടിയ നേതാവിന്റെ ഭൂമിയും നാലുവരി പാതക്കായി നഷ്ടപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ ശവശരീരം സംസ്കരിക്കാൻ പുറമ്പോക്ക് ഭൂമി കണ്ടെത്തേണ്ടിവരുന്ന പാർട്ടിക്കാരുടെ ഗതികേടിലേക്ക് വിരൽ ചൂണ്ടിയാണ് നാടകം ആരംഭിക്കുന്നത്. കേരളീയ സമൂഹത്തിന്റെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും ഇരട്ടമുഖം നാടകം അനാവരണം ചെയ്യുന്നു.

നാലുവരിപ്പാതക്ക് ഭൂമി വിട്ടു കൊടുക്കേണ്ടിവന്ന പാവപ്പെട്ടവന്റെ പ്രതീകമായാണ് ചാത്തപ്പന്റെ മൃതദേഹത്തെ എഴുന്നള്ളിക്കുന്നത്. കുടിയിറക്കപ്പെടുമ്പോൾ സാധാരണക്കാരന്റെ പക്ഷത്തുനിൽക്കേണ്ട ജനപ്രതിനിധിയെ കമീഷൻ നൽകി ബി.ഒ.ടി മുതലാളിമാർ വശപ്പെടുത്തുന്നു. റിയൽ എസ്റ്റേറ്റ് മാഫിയയുടെ പ്രലോഭനത്തിൽ വീണ് കാർഷികഭൂമി വിറ്റുതുലച്ച കർഷകന്റെ നിസ്സഹായതയും ചിത്രീകരിക്കുന്നു. ബി.ഒ.ടി മുതലാളിമാർ ഭരണകൂടത്തെയും രാഷ്ട്രീയ നേതൃത്വത്തെയും കേരളത്തെയും ചവിട്ടിത്താഴ്ത്താൻ ശ്രമിക്കുന്നതാണ് നാടകത്തിന്റെ ഉള്ളടക്കം. തെറ്റെന്ന് ചൊല്ലുന്ന നാവുണ്ടെങ്കിലേ ഇനി ജീവിക്കാനാവുകയുള്ളൂവെന്ന താക്കീതോടെയാണ് നാടകത്തിന്റെ സമാപനം. കെ.എ ഫൈസലാണ് നാടകം രചിച്ചത്. മുനീബ് കാരകുന്നാണ് സംവിധാനം.

യാത്രയെ വരവേൽക്കാനെത്തി. ചുവപ്പ് കോട്ടയായ പയ്യന്നൂരിലും അത്താഴക്കുന്ന്, ചിറക്കൽതുരുത്ത്, കോട്ടക്കുന്ന്, മുണ്ടയാട് ജേർണലിസ്റ്റ് കോളനി എന്നിവിടങ്ങളിലും വൻ സ്വീകരണങ്ങളാണ് പ്രക്ഷോഭയാത്രക്ക് ലഭിച്ചത്. മുഴപ്പിലങ്ങാട് പൊതുസമ്മേളനത്തോടെയാണ് കണ്ണൂർ ജില്ലയിലെ പര്യടനം സമാപിച്ചത്. മാർച്ച് 3ന് കോഴിക്കോട് ജില്ലയിലെ കുഞ്ഞിപ്പള്ളി, വടകര, നന്തി, പയ്യോളി, ചെങ്ങോട്ട്കാവ് തുടങ്ങിയ കേന്ദ്രങ്ങളിൽ വ്യാപാരികളും ബഹുജനങ്ങളും സോളിഡാരിറ്റി, എസ്.ഐ.ഒ, ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരും നൽകിയ സ്വീകരണങ്ങൾക്ക് ശേഷം കൊയിലാണ്ടിയിൽ സമാപിച്ചു. മാർച്ച് 4ന് മലപ്പുറം ജില്ലയിലെ ഇടിമുഴിക്കലിൽ നിന്നാണ് പ്രക്ഷോഭയാത്ര ആരംഭിച്ചത്. ചേളാരി, വെളിമുക്ക്, കൊളപ്പുറം എന്നിവിടങ്ങളിലൂടെ കടന്ന് പൊന്നാനിയിൽ ബഹുജനറാലിയോടെ സമാപിച്ചു.

തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്ത് നിന്ന് പ്രമുഖ മനുഷ്യാവകാശ പ്രവർത്തകൻ ബി.ആർ.പി ഭാസ്കർ ഫ്‌ളാഗ് ഓഫ് ചെയ്താണ് തെക്കൻ മേഖലയിൽ പ്രക്ഷോഭ യാത്ര പര്യടനം ആരംഭിച്ചത്. മാർച്ച് 1ന് തിരുവനന്തപുരം ജില്ലയിലെ കണിയാപുരം, ആറ്റിങ്ങൽ തുടങ്ങിയ സ്ഥലങ്ങളിൽ സ്വീകരണങ്ങൾ ഏറ്റുവാങ്ങി കല്ലമ്പലത്ത് സമാപിച്ചു. മാർച്ച് 2ന് കൊല്ലം ജില്ലയിലെ പാരിപ്പള്ളിയിൽ ആരംഭിച്ച യാത്ര കൊട്ടിയം, ഉമയനല്ലൂർ, നീണ്ടകര, ചവറ, ഇടപ്പള്ളിക്കോട്ട, കുറ്റിവട്ടം, കരുനാഗപ്പള്ളി, വവ്വാക്കാവ് എന്നിവിടങ്ങളിലെ സ്വീകരണത്തിനുശേഷം ഓച്ചിറയിൽ വൻപൊതുസമ്മേളനത്തോടെ സമാപിച്ചു. പെട്രോൾ വില വർധനവിനെതിരെ ഹർത്താൽ ആയിരുന്നെങ്കിലും ഓരോ സ്വീകരണ കേന്ദ്രങ്ങളിലും നൂറ് കണക്കിനാളുകൾ യാത്രയെ വരവേൽക്കാനെത്തിയിരുന്നു. മാർച്ച് 3ന് ജാഥ ആലപ്പുഴ ജില്ലയിലായിരുന്നു പര്യടനം നടത്തിയത്. കായംകുളത്ത് നിന്നാരംഭിച്ച പര്യടനം ഹരിപ്പാട്, തോട്ടപ്പള്ളി, അമ്പലപ്പുഴ, പുന്നപ്ര, കണിച്ചുകുളങ്ങര തുടങ്ങിയ കേന്ദ്രങ്ങളിലൂടെ കടന്ന് തുറവൂരിൽ സമാപിച്ചു. മാർച്ച് 4ന് എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ നിന്നാണ് പ്രക്ഷോഭയാത്ര പര്യടനം ആരംഭിച്ചത്. ചേരനല്ലൂർ തയ്ക്കാവ്, വരാപ്പുഴ, പറവൂർ എന്നിവിടങ്ങളിൽ സ്വീകരണങ്ങൾ ഏറ്റുവാങ്ങി മൂത്തകുന്നത്ത് സമാപിച്ചു. മാർച്ച് 5ന് കൊടുങ്ങല്ലൂരിൽ നിന്ന് പര്യടനം ആരംഭിച്ച യാത്ര ചാവക്കാട് ഉത്തര മേഖലാ യാത്രയുമായി സംഗമിച്ചു.

ഇരു യാത്രയും കടന്നു വന്ന പാതകൾക്കിരുവശവും അഭിവാദ്യങ്ങളർപ്പിക്കാൻ സ്ത്രീകളടക്കം നൂറുകണക്കിനാളുകൾ തടിച്ച് കൂടിയിരുന്നു. മുൻകൂട്ടി നിശ്ചയിച്ച സ്വീകരണ കേന്ദ്രങ്ങൾക്ക് പുറമേ വ്യാപാരികളുടെയും നാട്ടുകാരുടെയും ആവശ്യപ്രകാരം നിരവധി കേന്ദ്രങ്ങളിൽ സ്വീകരണം നൽകപ്പെട്ടു. അതുകൊണ്ട് തന്നെ യാത്രയുടെ സമയക്രമം പലപ്പോഴും പാലിക്കാൻ സംഘാടകർ പ്രയാസപ്പെട്ടു. വ്യാപാരി വ്യവസായി ഏകോപന സമിതി നേതാക്കൾ, നാഷണൽ ഹൈവേ ആക്ഷൻ ഫോറം, എൻ.എച്ച് 17 ആക്ഷൻ കൗൺസിൽ എന്നിവയുടെ നേതാക്കൾ സ്വാതന്ത്ര്യ സമര സേനാനികൾ, സി.ആർ നീലകണ്ഠൻ, ഫ്രാൻസിസ് കളത്തിങ്കൽ തുടങ്ങിയ സാമൂഹികപ്രവർത്തകർ, വികസനത്തിന്റെ ഇരകളായി എല്ലാം നഷ്ടപ്പെടുന്ന സാധാരണക്കാർ, വിവിധ രാഷ്ട്രീയപ്പാർട്ടികളുടെ പ്രാദേശിക നേതാക്കൾ തുടങ്ങി നിരവധിയാളുകൾ സ്വീകരണകേന്ദ്രങ്ങളിൽ യാത്രയെ അഭിവാദ്യം ചെയ്ത് സംസാരിക്കുകയും യാത്ര ക്യാപ്റ്റൻമാരെ സ്വീകരിക്കുകയും ചെയ്തു.

സ്വീകരണ കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച പൊതു സമ്മേളനങ്ങളിൽ ജമാഅത്തെ ഇസ്‌ലാമി കേരള അസി. അമീർ ശൈഖ് മുഹമ്മദ് കാരകുന്ന്, ജമാഅത്തെ ഇസ്‌ലാമി കേരള ജനറൽ സെക്രട്ടറി എം.കെ മുഹമ്മദലി, സോളിഡാരിറ്റി സംസ്ഥാന ജനറൽ സെക്രട്ടറി പി.ഐ നൗഷാദ്, സോളിഡാരിറ്റി സംസ്ഥാന സെക്രട്ടറിമാരായ ടി. മുഹമ്മദ്, എൻ.കെ സലാം, കെ. സജീദ്, സംസ്ഥാന പ്രവർത്തക സമിതി അംഗങ്ങളായ ടി.പി മുഹമ്മദ് ഷമീം, സി. ദാവൂദ്, കെ.എ ഫിറോസ്, കെ.ടി ഹുസൈൻ, സലീം മമ്പാട്, കെ. മുഹമ്മദ് നജീബ് എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറിമാരായ ശിഹാബ് പൂക്കോട്ടൂർ, മുഹമ്മദ് അസ്‌ലം, യു. ഷൈജു, ജി.ഐ.ഒ സംസ്ഥാന പ്രസിഡന്റ് കെ.കെ റഹീന, ജമാഅത്തെ ഇസ്‌ലാമി–സോളിഡാരിറ്റി–എസ്.ഐ.ഒ–വനിതാ വിഭാഗം–ജി.ഐ.ഒ ജില്ലാ നേതാക്കൾ തുടങ്ങിയവർ വിവിധ കേന്ദ്രങ്ങളിൽ സംസാരിച്ചു. പ്രക്ഷോഭ ജാഥകളുടെ കൺവീനർ അബ്ദുർറസാഖ് പാലേരിയും, തെക്കൻ മേഖലാ ജാഥയുടെ കോ–ഓഡിനേറ്റർ നവാസ് ജമാലും ഉത്തര മേഖലാ ജാഥയുടെ കോ–ഓഡിനേറ്റർ സക്കരിയയുമായിരുന്നു. ചാവക്കാട് ബഹുജന റാലിയോടെയാണ് ഇരു ജാഥകളും സമാപിച്ചത്.